ആർ.ബി.ഐ/2004/136
ഡി.സി.എം (ആർ.എം.എം.ടി)
നമ്പർ 1181/11/37.01/2003-04

5 ആഗസ്റ്റ് 2004

എല്ലാ പൊതു സ്വകാര്യ മേഖലാ ബാങ്കുകളുടെയും
ചെയർമാനും മാനേജിംഗ് ഡയറക്ടർമാർക്കും
സർ,

## നാണയങ്ങൾ സ്വീകരിക്കുന്നതിന്

ഞങ്ങളുടെ കത്ത് ഡ.സി.എം (ആർ.എം.എം. 5) നമ്പർ 404/11-37-01/2003-04 തീയതി 2004 ഒക്ടോബർ 9-ാം തീയതിയുള്ളതിന്റെ അടിസ്ഥാനത്തിൽ നിർദ്ദേശിക്കുന്നു. നിങ്ങളുടെ ബാങ്കുകൾ യാതൊരു തടസ്സവും കൂടാതെ പൊതുജനങ്ങളി ലുള്ള ആരിൽ നിന്നും എല്ലാ വിഭാഗത്തിലുമുള്ള നാണയങ്ങൾ സ്വീകരിക്കണം. എന്നാൽ ഇപ്പോൾ നേരിട്ടും മറ്റു രീതിയിലും ബാങ്കു ശാഖകൾ നാണയത്തുട്ടുകൾ സ്വീകരിക്കുന്നില്ലെന്നുള്ള പരാതികൾ കിട്ടുന്നുണ്ട്. ക്രമേണ അതു കച്ചവടക്കാരും ഇടപാടുകാരും തമ്മിൽ സാധനങ്ങൾ കൊടുക്കുമ്പോഴും വാങ്ങു മ്പോഴും നാണയ വിനിമയം സംബന്ധിച്ചു വാക്കേറ്റവും മറ്റുമുണ്ടാകാൻ ഇടയാകുകയും പൊതുജനങ്ങൾക്കു വലിയ ബുദ്ധിമുട്ടുണ്ടാക്കുകയും ചെയ്യുന്നുണ്ട്. ചില്ലറ നാണയങ്ങൾ നൽകാൻ കഴിയാതെ വഴക്കുണ്ടാകാനും സാധ്യതയുണ്ട്. അതുകൊണ്ട് നിങ്ങൾ ഏറ്റവും വേഗത്തിൽ നിങ്ങളുടെ ബാങ്ക് ശാഖാ കൗണ്ടറുകളിൽ മാറ്റുന്നതിനും നിക്ഷേപിക്കുന്നതിനും കൊണ്ടു വരുന്ന എല്ലാ വിഭാഗം നാണയം സ്വീകരിക്കുന്നതിന് സന്ദേശം നൽകുക.

2. മുൻപു നിർദ്ദേശിച്ചതുപോലെ, നാണയങ്ങൾ പ്രത്യേകിച്ച് ചെറിയ തുകയ്ക്കുള്ളത് സ്വീകരിക്കുന്നതു വളരെ നല്ലതാണ്. തൂക്കമനുസരിച്ച് നാണയങ്ങൾ എടുക്കാവുന്നതാണ്. പോളിത്തീൻ പായ്ക്കറ്റുകളിൽ 100 എണ്ണം വീതമടങ്ങുന്ന നാണ യങ്ങൾ ബാങ്കുകളിലെ കാഷ്യമാർക്കും ഇടപാടുകാർക്കും വലിയ സൗകര്യമായിരിക്കും. അത്തരം പോളത്തീൻ കവറുകൾ കൗണ്ടറിൽ വച്ചിരുന്നാൽ ഇടപാടു കാർക്കു നൽകാൻ സൗകര്യമായിരിക്കും. ഇതു സംബന്ധിച്ചുള്ള നോട്ടീസുകൾ ബാങ്കിന്റെ പരിസരത്ത് അകത്തും പുറത്തും പ്രദർശിപ്പിക്കുന്നത് ഇടപാടുകാർക്കു വിവരങ്ങൾ നൽകാ നുപകരിക്കും. അഞ്ച് പൈസ, പത്ത് പൈസ, ഇരുപത് പൈസ എന്നിവയുടെ അലുമിനിയം നാണയങ്ങൾ പത്ത് പൈസയുടെ അലുമിനിയം- വെങ്കല നാണയങ്ങൾ, പത്ത് പൈസയുടെ സ്റ്റേയിൻലസ് സ്റ്റീൽ നാണയങ്ങൾ, ഇരുപത്തഞ്ചു പൈസയുടെയും അമ്പത് പൈസയുടെയും ഒരു രൂപയുടെയും ചെമ്പ് - നിക്കൽ നാണയങ്ങൾ എന്നിവ പ്രത്യേകം ശേഖരിച്ച് 100 എണ്ണം വീതം പ്രത്യേക പായ്ക്കറ്റിലാക്കി കൗണ്ടറിൽ നൽകുവാൻ ബാങ്ക് പൊതുജനങ്ങൾക്ക് നിർദ്ദേശം നൽകാം.

3. നാണയങ്ങൾ ശേഖരിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനായി അഞ്ച് പൈസ, പത്ത് പൈസ, ഇരുപത് പൈസ മുതലായവയുടെ അലുമിനിയം നാണങ്ങൾ, പത്ത് പൈസയുടെ സ്റ്റെയിൻലസ് സ്റ്റീൽ നാണയങ്ങൾ, ഇരുപത്തഞ്ചു പൈസയുടെയും അമ്പത് പൈസയുടെയും ഒരു രൂപയുടെയും ചെമ്പ് - നിക്കൽ നാണയങ്ങളും ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ മുംബെ, കോൽക്കത്ത, ഹൈദ്രബാദ് എന്നിവിടങ്ങളിലുള്ള കമ്മട്ട ഓഫീസുകളിൽ (Government of India Mints) ഈ ഓഫീസുകളിലെ മുൻകൂർ അറിയിച്ചതിന് ശേഷം നിലവിലുള്ള രീതിയനുസരിച്ച് നിങ്ങളുടെ ബ്രാഞ്ചിലെ നോട്ടുപെട്ടികൾ, നാണയ ഡിപ്പോകൾ എന്നിവ വഴി നൽകാവുന്നതാണ്. ഉരുക്കു നാണയങ്ങളായ 25 പൈസ 50 പൈസ ഒരു രൂപ, കോപ്പർ - നിക്കൽ നാണയങ്ങളായ രണ്ട് രൂപ അഞ്ച് രൂപ മുതലായവ പകരം നൽകാവുന്നതാണ്. എന്നാൽ ഇവയുടെ ശേഖരണം ബുദ്ധിമുട്ടായിതീർന്നാൽ ഡിപ്പാർട്ടുമെന്റ് ഡിവിഷനുകളുടെ സഹായത്തോടെ അടയ്ക്കാവുന്നതാണ്. ഇപ്പോൾ നിലവിലുള്ള ഇരുപത്തഞ്ച് പൈസയുടെയും അമ്പത് പൈസയുടെയും ഒരു രൂപയുടെയും സ്റ്റേയിൻലസ് സ്റ്റീൽ നാണയങ്ങളും രണ്ട് രൂപയുടെയും അഞ്ച് രൂപയുടെയും കോപ്പർ - നിക്കൽ നാണയങ്ങളും ഈ രീതിയിൽ സ്വീകരിക്കാം. ഭാരത്തിൽ വലിയ വ്യത്യാസം തോന്നുന്നു എങ്കിൽ എണ്ണൽ യന്ത്രങ്ങൾ ഉപയോഗിക്കാം.

4. ഡിവിഷനൽ മാനേജരന്മാർ/സോണൽ മാനേജരന്മാർ എന്നിവരോടു ഈ കാര്യങ്ങളുടെ നടത്തിപ്പിന്റെ വിവരം ഹെഡ്ഡാഫീസിൽ റിപ്പോർട്ടു ചെയ്യാനായി മിന്നൽ പരിശോധന ബ്രാഞ്ചുകളിൽ നടത്താൻ ആവശ്യപ്പെടണം. ആവശ്യമായ സന്ദർഭങ്ങളിൽ തക്കതായ പരിഹാരമാർഗ്ഗങ്ങൾ നടപടി പുനപരിശോധിച്ചു ഹെഡ്ഡാഫീസുകൾ എടുക്കണം.

5. ഇതു ലംഘിക്കുന്നത് റിസർവു ബാങ്ക് നിർദ്ദേശങ്ങളെ ലംഘിക്കുന്നതായി കണക്കാക്കും. ഇതുമാറ്റിയ വിവരവും ഇക്കാര്യത്തിൽ എടുത്ത നടപടിയും ഞങ്ങളെ അറിയിക്കുക.

വിശ്വസ്തതയോടെ

**(പി.കെ. ബിശ്വാസ്)**
എക്സിക്യൂട്ടീവ് ഡയറക്ടർ

തുടർച്ച ഡി.സി.എം

(ആർ.എം.എം.ടി) നമ്പർ - 11-37.01/2003-04 തീയതി താഴെപ്പറയുന്നവരുടെ അറിവിലേക്കായി കോപ്പി അയക്കുന്നു.

1) റീജിയണൽ ഡയറക്ടർ/ചീഫ് ജനറൽ മാനേജർ, ജനറൽ മാനേജർ (ഒ.ഇൻ.സി) റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ.

അഹമ്മദാബാദ്/ബാംഗ്ലൂർ/ഭോപാൽ/ഭുവനേശ്വർ/ചണ്ഡീഗഡ്/ചെന്നൈ/ഗുവഹത്തി/ ഹൈദ്രബാദ്/ജയ്പൂർ/ജമ്മു/കാൺപൂർ/കൊച്ചി/കൊൽക്കത്ത/ലക്നോ/മുംബൈ/ബേലാപൂർ/ നവി-മുംബൈ/നാഗ്പ്പൂർ/ന്യൂഡൽഹി/പാട്ന/തിരുവനന്തപുരം.

അദ്ദേഹം അറിയിപ്പു രണ്ടാം പാരയിൽ പറഞ്ഞിട്ടുള്ള വിധം നാണയങ്ങൾ ശേഖരി ക്കുന്നതിനു പോളിത്തീൻ കവറുകൾ ലഭ്യമാക്കുന്നതിന് ഏർപ്പാടു ചെയ്യുകയും നാണയം സ്വീകരിക്കുകയും വേണം. ഈ വിവരത്തിനു പത്രക്കുറിപ്പുകൾ ഇറക്കുകയും നാണയം സ്വീകരിക്കുന്ന വിവരം അദ്ദേഹത്തിന്റെ ആഫീസിലും, ബ്രാഞ്ച് ആഫീസുകളിലും ഡിവിഷൻ ആഫീസ് കാമ്പൗണ്ടിലുള്ള ഗേറ്റിനു സമീപത്തും ബോർഡുകൾ വയ്ക്കുകയും വേണം. ഇതു നടപ്പാക്കാനുള്ള ഏർപ്പാടുകൾ ചെയ്യുകയും നാണയങ്ങൾ സ്വീകരിക്കുന്നതിനു യാതൊരു തടസ്സവും ഉണ്ടാകാതിരിക്കുമെന്നുറപ്പുവരുത്തുകയും അതു സംബന്ധിച്ചു യാതൊരു പരാതിയും വരുകില്ലെന്നു ബോധ്യമാവുകയും വേണം.

II) ദി ചീഫ് ജനറൽ മാനേജർ, ഇൻസ്പെക്ഷൻ ഡിപ്പാർട്ടുമന്റ്, റിസർവ്വ് ബാങ്ക് ആഫ് ഇന്ത്യ സെൻട്രൽ ആഫീസ് ബന്ദ്ര-കുർല കോംപ്ലക്സ്, ബന്ദ്രാ (കിഴക്ക്) മുംബൈ - 400 051.

III) ദി പ്രിൻസിപ്പൽ, റിസർവ്വ് ബാങ്ക്, സ്റ്റാഫ് കോളേജ്, വീർസവർക്കർ മാർഗ്ഗം, ദാദർ മുംബൈ - 400 028.

IV) ദി പ്രിൻസിപ്പൽ, ബാങ്കേഴ്സ് ട്രേയിനിംഗ് കോളേജ്, വീർസവർക്കൾ മാർഗ്ഗം, ദാദർ മുംബൈ - 400 028.

V) ദി പ്രിൻസപ്പൽ, കോളേജ് ആഫ് അഗ്രിക്കൾച്ചർ ബാങ്കിംഗ്, ഗണേശ് കിൻഡു റോഡ് പൂനൈ - 411 016

**(വി.ആർ. ഗെയിക്വാഡ്)**

ചീഫ് ജനറൽ മാനേജർ